**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2255** **12-02-2024 - ൽ മറുപടിയ്ക്ക്**

**അങ്കമാലി താലൂക്കാശുപത്രിയിൽ പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി താലൂക്കാശുപത്രിയിലും മറ്റൂർ സി.എച്ച്.സിക്കു കീഴിലുള്ള ആശുപത്രികളിലും ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ അങ്കമാലി താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II-ന്റെ 7 തസ്തികകളും ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-ന്റെ ഒരു തസ്തികയും, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ 4 തസ്തികകളും, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)-ന്റെ 3 തസ്തികകളും, ഡെന്റൽ ഹൈജീനിസ്റ്റ്-ന്റെ ഒരു തസ്തികയും, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II-ന്റെ ഒരു തസ്തികയും, ഫാർമസിസ്റ്റ്-ന്റെ ഒരു തസ്തികയും ഈ സർക്കാരിന്റെ കാലയളവിൽ (2016-23കാലയളവിനുള്ളിൽ) സൃഷ്ടിച്ചിട്ടുണ്ട്. ഈ ആശുപത്രിയിൽ 55 സ്ഥിരം തസ്തികകൾ നിലവിലുണ്ട്. ചുവടെ പറയുന്ന മെഡിക്കൽ ഓഫീസർമാരുടെ സേവനം സ്ഥാപനത്തിൽ ലഭ്യമാണ്.<br><br>സിവിൽ സർജൻ – 1<br><br>ജൂനിയർ കൺസൾട്ടന്റ് - 3<br><br>അസിസ്റ്റന്റ് സർജൻ – 5<br><br>കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ- 4<br><br>ദന്തൽ സർജൻ - 1<br><br>മറ്റൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അങ്കമാലി താലൂക്കാശുപത്രിയിൽ പുതിയ മന്ദിരം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടും ആയതിന്റെ പണി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; പുതുക്കിയ എസ്റ്റിമേറ്റും പ്ലാനും ആരോഗ്യവകുപ്പ് ഡയറക്ടർ അംഗീകരിച്ച് ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | അങ്കമാലി താലൂക്കാശുപത്രിയിൽ പുതിയ മന്ദിരം നിർമ്മിക്കുന്നതിനായി NABARD പദ്ധതിയിൽ ഉൾപ്പെടുത്തി 16.02.2022-ലെ സ.ഉ(സാധാ) നം. 382/2022/ആകുവ പ്രകാരം അറുന്നൂറ്റി അറുപത്തി ആറ് ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തി ആരംഭിക്കേണ്ട നിലവിലെ ആശുപത്രി കോമ്പൗണ്ടിൽ Central Store, |

| | | | |
|---|---|---|---|
| | | | ദന്തവിഭാഗം എന്നിവ പ്രവർത്തിക്കുന്ന പഴയ കെട്ടിടംപൊളിച്ച് മാറ്റുന്നതിന്റെ ഭാഗമായി ഐ.പി കെട്ടിടത്തിലേയ്ക്ക് വൈദ്യുതി വിതരണ സംവിധാനം മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ആയത് പൂർത്തിയാക്കി നിലവിലെ Central Store-ഉം, ദന്തവിഭാഗവും മാറ്റി സ്ഥാപിച്ചതിനു ശേഷം കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള നടപടി ആരംഭിക്കുന്നതാണ്. പ്രസ്തുത പ്രവർത്തിയുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പിൽ പുരോഗമിച്ചുവരുന്നു. പുതിയ കെട്ടിടം പണിയേണ്ട സ്ഥലത്തുള്ള നിലവിലെ പഴയ കെട്ടിടം എത്രയും വേഗം പൊളിച്ച് നീക്കുന്നതിനുള്ള പ്രവൃത്തി ഉടൻ പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ